# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.8/1683/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ശാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം (ഇ.മെയിൽ മുഖേന)
3 ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.എം.പി.എം.8/1683/2023 തീയ്യതി: 11/09/2023

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-01-2023 മുതൽ 11-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വസീമ വേളേരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.റഷീദ്.സി | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി.ഷൽജി.പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 04-07-2022 |
| ശ്രീ.ഹരിദാസ്.എം | സെക്രട്ടറി | 05-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അലിയാമു | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീ.വിനോദ് കുമാർ.പി.വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദീപ പി.എസ് | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദുകുമാരി.എൽ.വി | സി.ഡി.പി.ഒ (അഡീഷനൽ) | 01-04-2022 | 15-12-2022 |
| ശ്രീമതി.ഉമ്മുസൽമ | സി.ഡി.പി.ഒ (അഡീഷനൽ) | 16-12-2022 | 31-03-2023 |
| ശ്രീ.മനോജ് കുമാർ എം.എസ് | അസിസ്റ്റന്റ് എക്സ്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നന്ദിത.എം.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-08-2022 |
| | | 15-09-2022 | 30-09-2022 |
| ശ്രീ.അബ്ദുൾ ഖാലിക്ക്.സി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 14-09-2022 |
| ശ്രീ.ഷബീർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ശ്രീ.അശോകൻ പി.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അയ്യൂബ്.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഫവാസ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ടുകൾ പാട്ടത്തിന് നൽകൽ-ലീസ് പ്രീമിയവും വാർഷിക ലീസ് വാടകയും അടവാക്കാക്കിയിട്ടില്ല. | 1-11 |
| 18 | പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി ഡിപ്പോസിറ്റ്ചെയ്ത തുകയിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകകൾസംബന്ധിച്ച അവലോകനം | 1-12 |
| 19 | MGNREGS ശമ്പളയിനത്തിലെ മുൻകൂർ - അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ് | 1-13 |
| 20 | എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 21 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-15 |
| 22 | വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-16 |
| 23 | അംഗൻവാടികൾക്ക് വേസ്റ്റ് ബിൻ - വിതരണം പൂർത്തിയായിട്ടില്ല. ചെലവ് തുക 2,82,000തടസ്സം ചെയ്യുന്നു. | 1-17 |
| 24 | ബ്ലോക്ക് ഓഫീസിൽ പഞ്ചിംഗ് സിസ്റ്റം- മുൻകൂർ തുക നൽകി .സിസ്റ്റം | 1-18 |

| | | |
|---|---|---|
| | സ്ഥാപിച്ചിട്ടില്ല. | |
| 25 | ലൈഫ് ഭവന പദ്ധതി- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- വിശദാംശങ്ങൾ ലഭ്യമല്ല. | 1-19 |
| 26 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക ₹ 8,50,000/- തടസ്സം ചെയ്യുന്നു. | 1-20 |
| 27 | ഓപ്പൺ ജിംനേഷ്യം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവ് തുക ₹ 2,51,500/- തടസ്സം ചെയ്യുന്നു. | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 9(1), തീ. 15.06.2023 തീരുമാന പ്രകാരം തയ്യാറാക്കി 26.06.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:മലപ്പുറം

തീയതി:26-07-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -10378252/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം -12263835/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) B-7 പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 61707/- രൂപ ബാധ്യതയുണ്ട്. എന്നാൽ രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ബി) B-18 പ്രകാരം 4214533 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ രജിസ്റ്ററിൽ സംഗ്രഹം

രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-4 വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-5 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിലെ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസും അവയുടെ അക്കൗണ്ടിലെ (B-17) ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരം | B- 17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| CFC(Tied+UnTied) | 4416422 | 4523955 (CANARA-CFC-PFMS) | 107533 |

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1)/22.03.2022 | 1(2)/13.03.2023 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20379588 |
| വരവ് | 86564206 |
| ആകെ | 106943794 |
| ചെലവ് | 98828041 |
| നീക്കിയിരിപ്പ് | 8115753 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 33496500 | 33496500 | 30190104 | 3305896 |
| പ്ലാൻ (SCP) | 0 | 12231000 | 12231000 | 10866294 | 1364706 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied ) | 0 | 5400000 | 5400000 | 7946282 | -2546282 |
| CFC (Tied) | 0 | 8161931 | 8161931 | 9844073 | -1682142 |
| റോഡിതരം (MG) | 0 | 8833000 | 8833000 | 7825676 | 1007324 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകൾ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | യത്(എണ്ണം) | (എണ്ണം) | ളുടെ % |
|---|---|---|---|---|---|---|
| 118 | 106295294 | 84 | 73188010 | 21 | 13 | 71.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

.ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2023 ന് 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ബാലൻസ് ഉണ്ടായിരുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാഹന ലോഗ് ബുക്കിൽ (പ്രസിഡന്റിന്റെ) ഓരോ ട്രിപ്പിനും പ്രത്യേക എൻട്രി നടത്താതെ ഒരു ദിവസത്തെ മുഴുവൻ യാത്രകൾക്കും ഒറ്റ എൻട്രിയാണ് നടത്തുന്നത്. വാഹനത്തിന് ഇന്ധനം നിറക്കുമ്പോൾ യാത്ര ചെയ്യുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. വാഹന നിയന്ത്രണാധികാരി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ അപാകതകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2022 മുതൽ 31.04.2022 വരെ | 2021-22 | 28.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2019 മുതൽ 22.01.2019 വരെ | 2016-18 | 28.03.2019 |

## 1-11 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലോട്ടുകൾ പാട്ടത്തിന് നൽകൽ-ലീസ് പ്രീമിയവും വാർഷിക ലീസ് വാടകയും അടവാക്കാക്കിയിട്ടില്ല.

ചെറുകിട വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ള സംരംഭകർക്ക് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ എടയൂർ വില്ലേജിൽ താണിയപ്പൻകുന്നിൽ സ്ഥിതി ചെയ്യുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2ഏക്കർ 49 സെന്റ് സ്ഥലം വിവിധ പ്ലോട്ടുകളായി പാട്ടത്തിന് (പരമാവധി 30 വർഷത്തേക്ക്) നൽകിയിട്ടുണ്ട്. സ.ഉ(സാ.ധ) നം.658/2017/ത.സ്വ.ഭ.വ തീ.09.03.2017 നം ബൈലോ പ്രകാരം വ്യവസായ പ്ലോട്ടിലെ സ്ഥലം അനുവദിച്ച് കിട്ടിയാൽ ലീസ് പ്രീമിയം തുക അടവാക്കി 30 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. കൂടാതെ ലീസ് പ്രീമിയം തുകയിൽ 40% കരാറിൽ ഏർപ്പെടുന്നതിന് മുമ്പും ബാക്കി 60% 2 തുല്യ ഗഡുക്കളായി ഒരു വർഷത്തിനുള്ളിലും അടവാക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പാട്ടക്കാരൻ 60% പാട്ടതുക അടവാക്കാൻ ബാക്കിയുണ്ട്.

| പാട്ടക്കാരന്റെ പേര് (പാട്ടഭൂമി അളവ്) | പ്ലോട്ട് നം | ധാരണപത്രം ഒപ്പ് വെച്ച തീയതി | പാട്ടതുക | അടവാക്കിയത് | ബാലൻസ് |
|---|---|---|---|---|---|
| അനൂപ്. പള്ളിയാലിൽ (13.6 സെന്റ്) | 13 | 25.01.2020 | 284138 | 113655 | 170483 |

| | |
|---|---|
| ആകെ | 170483/- |

ബൈലോ പ്രകാരം പാട്ടതുകക്ക് പുറമേ കരാറിന്റെ തുടർന്നുള്ള വർഷങ്ങളിൽ ഒരു ആർ ഭൂമിക്ക് 1000/- രൂപ നിരക്കിൽ വാർഷിക ലീസ് വാടക പാട്ടക്കാരൻ അടവാക്കേണ്ടതാണ്. എന്നാൽ വാർഷിക ലീസ് വാടക കുടിശ്ശികയുള്ളവരുടെ വിവരം താഴെ ചേർക്കുന്നു.

| പാട്ടക്കാരന്റെ പേര് | പ്ലോട്ട് നം | കുടിശ്ശിക |
|---|---|---|
| മുഹമ്മദ് റാഫി | 8 | 47570 |
| അനൂപ്. പി | 13 | 16500 |
| ഷംസീർ ബാബു | 6 | 8100 |
| | | 72170/- |

മേൽ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ-14/20.07.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി ഡിപ്പോസിറ്റ്ചെയ്ത തുകയിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകകൾസംബന്ധിച്ച അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 1/12.07.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയ പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് വളാഞ്ചേരി ഗ്രാമ പഞ്ചായത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ വിവിധ | 2014-15 | KWA എടപ്പാൾ | 4000000 | പ്ലാൻ ജനറൽ | 3933644 | **66356/-** |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ പ്രൊജക്റ്റ് നം. 69/15 | | | | | | |
| 2 | പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരു നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പ്രൊജക്റ്റ് നം. 09/20 | 2019-20 | KWA എടപ്പാൾ | 750000 | പ്ലാൻ ജനറൽ | ലഭ്യമല്ല | 750000 |
| 3 | മേൽമുറി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരു നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പ്രൊജക്റ്റ് നം. 12/20 | 2019-20 | KWA എടപ്പാൾ | 750000 | പ്ലാൻ ജനറൽ | 621455 | 128515/-രൂപ തിരികെ ലഭിച്ചു 30 രൂപ ലഭിക്കാനുണ്ട് |
| | ആകെ | | | | | | 816386 |

മേൽ പ്രവൃത്തികളിലായി 816386/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 MGNREGS ശമ്പളയിനത്തിലെ മുൻകൂർ - അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷികക്കണക്കുകൾ എന്നിവ പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ്(MGNREGS) ജീവനക്കാരായ അസി. എഞ്ചിനിയർ, അക്കൗണ്ടന്റ് എന്നിവർക്കുള്ള ശമ്പള ഇനത്തിൽ 1386556 രൂപ മുൻകൂർ ആയി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിനു ലഭ്യമായ രേഖകൾ പ്രകാരം മേൽ തുകയിൽ 285681 രൂപ മാത്രമാണ് 31.3.2023 വരെ ക്രമീകരിച്ചിട്ടുള്ളത്.ശേഷിക്കുന്ന 1100875 രൂപ ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 11/19.07.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ/ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - പണി പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ: എസ്.സി ഡെവലപ്മെന്റ് ഓഫീസർ

എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ആനുകൂല്യം അനുവദിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി സരസ്വതി, ചോലക്കാട്ടിൽ | 200000 | ധനസഹായമായി 200000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തിയായതായി ഫയലിൽ രേഖകളോ രജിസ്റ്ററിൽ രേഖപ്പെടുത്തലോ ഇല്ല. |
| 2. | ശ്രീ. ഉണ്ണികൃഷ്ണൻ വി ടി, വടക്കേമുറി തറക്കൽ | 125000 | |
| 3. | ശ്രീ. അയ്യപ്പൻ, കൊട്ടാരത്ത് പറമ്പിൽ | 125000 | |
| 4. | ശ്രീ. രാജൻ സി പി, ചോലത്തൊടിപ്പറമ്പിൽ | 125000 | |

മേൽ ചേർത്തിരിക്കുന്നവർ പഠനമുറി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (നം. 3/13.07.2023) നൽകിയതിന് ശ്രീമതി സരസ്വതി എന്ന ഗുണഭോക്താവ് പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു നൽകിയതെന്നും രേഖ കണ്ടെത്തി സമർപ്പിക്കുന്നതാണെന്നും ശ്രീ. ഉണ്ണികൃഷ്ണൻ വി ടി എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും രേഖ ലഭ്യമാകുന്ന മുറക്ക് അവസാനഗഡു അനുവദിച്ച് അറിയിക്കുന്നതാണെന്നും ശ്രീ. അയ്യപ്പൻ എന്ന ഗുണഭോക്താവ് പഠനമുറിയുടെ മേൽക്കൂര കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കർശനനിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശ്രീ. രാജൻ സി പി എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും രേഖ ലഭ്യമാകുന്ന മുറക്ക് അവസാനഗഡു അനുവദിച്ച് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 താലൂക്ക് ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് - 21/23 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , താലൂക്ക് ഹോസ്പിറ്റൽ, കുറ്റിപ്പുറം

അടങ്കൽ- 1690977(വികസന ഫണ്ട് പൊതു വിഭാഗം-300000 , മെയിന്റനൻസ് ഫണ്ട് റോഡിതരം-1390977)

ആകെ ചെലവ്- 1690977

ബിൽ നമ്പർ 74/23.11.2022- ₹4,50,000/-

പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക മുൻകൂർ നൽകിയിട്ടുണ്ട്. (ചെലവ് തുകയിൽ ബാക്കിയുള്ള തുകക്ക് മരുന്നുകൾ ലഭ്യമായിട്ടുണ്ട്)

(പ്രോഫോർമ ഇൻവോയിസ് നം. PRF2242/15.11.2022)

പദ്ധതിയിൽ നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം ./ തീയ്യതി | തുക |
|---|---|---|
| 1 | 19877/13.12.2022 | 17792 |

| | | |
|---|---|---|
| 2 | 19296/5.12.22 | 59539 |
| 3 | 20658/20.12.22 | 25254 |
| 4 | 2278/11.1.23 | 19712 |
| 5 | 23160/16.1.23 | 16299 |
| 6 | 24180/30.1.23 | 7840 |
| 7 | 24589/2.2.23 | 5770 |
| 8 | 26349/3.3.23 | 9204 |
| 9 | 27071/16.3.23 | 9408 |
| 10 | 1545/3.5.23 | 2890 |
| 11 | 1965/5.5.23 | 6263 |
| 12 | 3401/15.5.23 | 1893 |
| 13 | 3575/16.5.23 | 22809 |
| 14 | 5847/24.5.23 | 49624 |
| 15 | 5856/25.5.23 | 9632 |
| | ആകെ | 263929 |

അവശേഷിക്കുന്ന 1,86,071/- (4,50,000– 2,63,929 )രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/23 തീയതി. 15.07.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ കുറ്റിപ്പുറം)നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഉണർവ് കിടപ്പിലായ രോഗികൾക്ക് സെക്കണ്ടറി പാലിയേറ്റീവ് പ്രവർത്തനങ്ങൾ20/23 പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 1400 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 2,68,800രൂപ കരാറുകാരന് (ശ്രീ.ശ്രീധരൻ.പിപി. KL 08 AH 8312)നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്ന എങ്കിൽ 1% ആദായ നികുതി TDS കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്.

| ബിൽ നം./വൗച്ചർ നം/തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|
| ബിൽ നം.6/22-23 /27.06.22 | 44800 | 2688 |
| ബിൽ നം.10/22-23 /18.07.22 | 22400 | |
| ബിൽ നം.12/22-23 /2.08.22 | 22400 | |
| ബിൽ നം.27/22-23 /1.09.22 | 22400 | |
| ബിൽ നം.40/22-23 /30.09.22 | 22400 | |
| ബിൽ നം.59/22-23 /2.11.22 | 22400 | |
| ബിൽ നം.84/22-23 /01.12.22 | 22400 | |
| ബിൽ നം.139/22-23 /04.01.23 | 22400 | |

| | |
|---|---|
| ബിൽ നം.162/22-23 /02.02.23 | 22400 |
| ബിൽ നം.219/22-23 /02.03.23 | 22400 |
| ബിൽ നം.302/22-23 /24.03.23 | 22400 |
| ആകെ | 268800 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/23 തീയതി 15.07.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ ഇനത്തിലെ 2688/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചു. അടവ് വിവരം അറിയിക്കേണ്ടതാണ്.

## 1-17 അംഗൻവാടികൾക്ക് വേസ്റ്റ് ബിൻ - വിതരണം പൂർത്തിയായിട്ടില്ല. ചെലവ് തുക 2,82,000തടസ്സം ചെയ്യുന്നു.

പ്രോജക്റ്റ് നമ്പർ- 123/23 അംഗൻവാടികൾക്ക് വേസ്റ്റ് ബിൻ

നിർവ്വഹണോദ്യോഗസ്ഥൻ- ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ

അടങ്കൽ-3,60,000 ധനകാര്യ കമ്മീഷൻ അവാർഡ്

ബിൽ നമ്പർ 07/2023 തീയതി 27.03.2023 ₹ 3,60,000/-

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലലുള്ള അംഗൻവാടികൾക്ക് ആവശ്യമായ വേസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി GeM മുഖേന KPS Innovation , Eranamkulam എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ KPS/258/22-23 /24.03.2023,₹3,60,000/ പ്രകാരം 2000/- രൂപ നിരക്കിൽ 180 വേസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 39 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

വിതരണം ചെയ്യാൻ ബാക്കിയുള്ള വേസ്റ്റ് ബിൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിതരണ രേഖയും ഇല്ലെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 10/23 തീയതി.19.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖയുടെ അഭാവത്തിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 181 വേയ്സ്റ്റ് ബിന്നിന്റെ വില 2,82,000/-രൂപ (360000-78000) തടസ്സം ചെയ്യുന്നു.

## 1-18 ബ്ലോക്ക് ഓഫീസിൽ പഞ്ചിംഗ് സിസ്റ്റം- മുൻകൂർ തുക നൽകി .സിസ്റ്റം സ്ഥാപിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 158/23 ബ്ലോക്ക് ഓഫീസിൽ പഞ്ചിംഗ് സിസ്റ്റം

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ-1,00,000 തനത് ഫണ്ട്( ജനറൽ പർപ്പസ് ഫണ്ട്)

ചെക്ക് നമ്പർ - XY-6814827/21.03.2023-₹ 26,877/-

ഗ്രാമ വികസന കമ്മീഷണറുടെ 10.03.2023ലെ 4317/പി.എം.2/2022/സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം ആധാർ അധിഷ്ഠിത പഞ്ചിംഗ് മെഷീൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് 53754/- രൂപ നിശ്ചയിച്ച് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ചെലവ് തുകയുടെ 50% മുൻകൂറായും, ഇൻസ്റ്റലേഷൻ പൂർത്തിയായാൽ 40% തുകയും , സ്പാർക്കുമായി ബന്ധിപ്പിച്ച ശേഷം 10% തുകയും കെൽട്രോണിന്റെ 10183255263 അക്കൗണ്ടിലേക്ക്(തിരുവനന്തപുരം) അടവാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ചെക്ക് പ്രകാരം 26,877/- രൂപ മുൻകൂർ ഇനത്തിൽ തുക അടവാക്കി.

പ്രോജക്റ്റ് ഫയലിൽ മേൽ തുകക്കുള്ള കൈപ്പറ്റ് രസീതി, പഞ്ചിംഗ് മെഷീൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ച ഉടർ നടപടികളുടെ വിവരം എന്നിവ ലഭ്യമല്ല. രസീതി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും പഞ്ചിംഗ് മെഷീൻ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 6/23 തീയതി. 15.07.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ലൈഫ് ഭവന പദ്ധതി- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിശദാംശങ്ങൾ ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ഓൺലൈനായി തുക

കൈമാറി. സ്ഥാപനത്തിലെ ACR പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | വിഹിതം നൽകിയ സ്ഥാപനം | തുക | ബിൽ നം/തീ. |
|---|---|---|---|
| പ്രോജക്ട് നം.81/23-ലൈഫ് ഭവന പദ്ധതി ജനറൽ-<br>അടങ്കൽ-4248721-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം<br>ചെലവ്-4248721 | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2,40,000 | 56/27102022 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 1,60,000 | 61/2.11.2022 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 2,00000 | 80/24.11.22 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2,00000 | 81/1.12.22 |
| | കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത് | 6,00000 | 91/5.12.22 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 6,00000 | 93/5.12.22 |
| | ആതവനാട് ഗ്രാമ പഞ്ചായത്ത് | 2,00000 | 158/2.2.23 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 4,00000 | 168/4.2.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 80,000 | 198/17.2.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 2,00000 | 206/21.2.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 2,00000 | 209/24.2.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 4,00000 | 235/10.3.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 2,00000 | 236/10.3.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 4,00000 | 237/10.3.23 |
| | ആതവനാട് ഗ്രാമ പഞ്ചായത്ത് | 1,68,721 | 244/10.3.23 |
| പ്രോജക്ട് നം.76/23-ലൈഫ് ഭവന പദ്ധതി എസ് സി-<br>അടങ്കൽ-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം-3828996,<br>വികസന ഫണ്ട് എസ്.സി.പി.-5762947<br>ആകെ-9591943<br>ചെലവ്- വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം-3794553<br>വികസന ഫണ്ട് എസ്.സി.പി.-5761147<br>ആകെ-9555700/- | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 8,20,000 | 79/24.11.22 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 1,31,000 | 82/1.12.22 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 6,00000 | 85/2.12.22 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 2,20,000 | 94/5.12.22 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 50,000 | 116/17.12.22 |
| | എടയൂർ ഗ്രാമ പഞ്ചായത്ത് | 8,85,000 | 115/17.12.22 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 80,000 | 127/27.12.22 |

| | | | |
|---|---|---|---|
| | എടയൂർ ഗ്രാമ പഞ്ചായത്ത് | 90,000 | 142/10.1.23 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 1,58,553 | 213/25.2.23 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 200000 | 234/10.3.23 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 2,00000 | 238/10.3.23 |
| | ആതവനാട് ഗ്രാമ പഞ്ചായത്ത് | 3,60,000 | 245/10.3.23 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 10,00000 | 29/3.9.22 |
| | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 6,74,000 | 32/15.9.22 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 3,05,000 | 33/19.9.22 |
| | എടയൂർ ഗ്രാമ പഞ്ചായത്ത് | 8,30,000 | 35/27.9.22 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 1,00000 | 36/27.9.22 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 92,200 | 72/21.11.22 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 5,00000 | 78/24.11.22 |
| | ആതവനാട് ഗ്രാമ പഞ്ചായത്ത് | 6,75,000 | 159/2.2.23 |
| | എടയൂർ ഗ്രാമ പഞ്ചായത്ത് | 58,0000 | 167/4.2.23 |
| | എടയൂർ ഗ്രാമ പഞ്ചായത്ത് | 1,34,947 | 281/22.3.23 |
| | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 5,60,000 | 335/28.3.23 |
| | മാറാക്കര ഗ്രാമ പഞ്ചായത്ത് | 3,10,000 | 336/28.3.23 |

ഗ്രാമ പഞ്ചായത്തുകളുടെ പ്രൊജക്ടിന്റെ പകർപ്പ് , അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കൾക്ക് ഏത് ഘട്ടത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന വിവരം, വിനിയോഗ സാക്ഷ്യപത്രം , റിക്വസ്റ്റിന്റെ പകർപ്പ് എന്നിവ പ്രോജക്ട് ഫയലിൽ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/23 തീയതി 19.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കാണ്ടതാണ്.

## 1-20 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക ₹ 8,50,000/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ- 160/23 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ-8,50,000വികസന ഫണ്ട് പോതു വിഭാഗം

ബിൽ നമ്പർ 22150863019301179701/13.02.2023-₹ 8,50,000/-

സർക്കാർ ഉത്തരവ് നം. (സാധാ)1209/2013 തസ്വഭവ തിയ്യതി 06.05.2013 പ്രകാരം കേരള സാമൂഹ്യ സുരക്ഷ മിഷന്

പ്രവർത്തന ഫണ്ട് സ്വരൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് ഖണ്ഡിക 6 പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നല്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധനയിൽ സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും മേൽ തുകക്കുള്ള രസീതി, സാക്ഷ്യപത്രം എന്നിവ ലഭിച്ചതായി കാണുന്നില്ല. കേരള സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും ലഭിച്ച ധനവിനിയോഗ സാക്ഷ്യപത്രം,രസീതി എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹ 8,50,000/- തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/23 തീ. 15.07.2023 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-21 ഓപ്പൺ ജിംനേഷ്യം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവ് തുക ₹ 2,51,500/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ- 141/23 ഓപ്പൺ ജിംനേഷ്യം മാറാക്കര ഗ്രാമ പഞ്ചായത്ത്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ-5,00,000 വികസന ഫണ്ട് , പൊതു വിഭാഗം സാധാരണ വിഹിതം

ബിൽ നമ്പർ - BRN 22150863019301515073/28.03.2023-₹ 2,51,500/-

മാറാക്കര ഗ്രാമ പഞ്ചായത്തിൽ ഒരു പൊതു സ്ഥലം കണ്ടെത്തി പ്രദേശത്തെ ക്ലബ്ബുകളുടെ സഹായത്തോടെ ഇന്റർ ലോക്ക് പ്ലാറ്റ് ഫോം ,ജി.ഐ. ഫെൻസിംഗ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023 ലെ ബി.പി.കെ.ടി.പി.എം./482023-സി കത്ത് പ്രകാരം ജാറത്തിങ്ങൽ സബ് സെന്ററിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് അനുമതിയും തുടർ പരിപാലനം ഏറ്റെടുക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 8.2.2023ലെ 1(4) തീരുമാന പ്രകാരം ജാറത്തിങ്ങൽ സബ് സെന്ററിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനും ആയതിന്റെ തുടർ പരിപാലനം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്നതിനും തീരുമാനിച്ചു.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ GeM മുഖേന Excel Engineers,തിരുനൽവേലി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 416/29.03.2023 ₹251500/- പ്രകാരം ഓരോ Shoulder Press Single, Chest Press Single, Pull Up (Squat), Dual Horizontal Bar, Waist Twister Triple, Ab Trainer Double, Elliptical, Air Walker, Rower എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ ഉപകരണങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. 19.07.2023 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ മാറാക്കര ഗ്രാമ പഞ്ചായത്ത് ഹെൽത്ത് & വെൽനസ് സെന്റർ, മേൽമുറി (ജാറത്തിങ്ങൽ സബ് സെന്റർ) കെട്ടിടത്തിലെ ഒരു മുറിയിൽ കൂട്ടിയിട്ടതായി കാണപ്പെട്ടു. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം/ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ വെറും വാങ്ങൽ നടപടിമാത്രമാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്. പ്രദേശത്തെ ക്ലബ്ബുകളുടെ സഹായത്തോടെ ഇന്റർ ലോക്ക് പ്ലാറ്റ് ഫോം ,ജി.ഐ. ഫെൻസിംഗ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും ആയത് പ്രകാരമുള്ള നടപടികളോ, മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ തീരുമാനത്തിനനുസൃതമായുള്ള മറ്റ് നടപടികളോ സ്വീകരിച്ചിട്ടില്ല.

ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം/ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ ഉപകരണങ്ങൾ മാത്രം വാങ്ങിയതിന് വിശദീകരണവും പ്രൊജക്ട് എപ്രകാരമാണ് പൂർത്തിയാക്കുന്നതെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/23 തീയത് 20.07.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക ₹ 2,51,500/- തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ആതവനാട് ഗ്രാമ പഞ്ചായത്ത് | 70000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 70000 | 0 |
| എടയൂർ ഗ്രാമ പഞ്ചായത്ത് | 420000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 420000 | 0 |
| കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | 420000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 420000 | 0 |
| മാറാക്കര ഗ്രാമ പഞ്ചായത്ത് | 70000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 70000 | 0 |
| ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 210000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 210000 | 0 |
| ജില്ലാ പഞ്ചായത്ത് | 2058000 | PMAY ഭവന നിർമ്മാണ പദ്ധതി എസ്.സി. 40/23 | 2058000 | 0 |
| ആതവനാട് ഗ്രാമ പഞ്ചായത്ത് | 140000 | PMAY ഭവന നിർമ്മാണ പദ്ധതി ജനറൽ 124/23 | 140000 | 0 |
| എടയൂർ ഗ്രാമ പഞ്ചായത്ത് | 280000 | PMAY ഭവന നിർമ്മാണ പദ്ധതി ജനറൽ 124/23 | 280000 | 0 |
| ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 70000 | PMAY ഭവന നിർമ്മാണ പദ്ധതി ജനറൽ 124/23 | 70000 | 0 |
| ജില്ലാ പഞ്ചായത്ത് | 1470000 | PMAY ഭവന നിർമ്മാണ പദ്ധതി ജനറൽ 124/23 | 1470000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് | ൻകുർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | നം. | | | | |
| ഇല്ല | | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയ്യതി. |
|---|---|---|---|---|
| 2001-2002 | L.F.A. 3.1 (53) | 3900 | Beeran Kappoorath | 122010100001 Dtd 01.02.2023 |
| 2001-2002 | L.F.A. 3.1 (53) | 3900 | Beeran Kappoorath | 122010100035 Dtd 20.02.2023 |
| 2001-2002 | L.F.A. 3.1 (53) | 3900 | Beeran Kappoorath | 122010100041dtd 1303.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | V-10-1<br>IV-3 | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |
| 2001-02 | 3-3 | 2007-08 | 3-1-53 | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2002-03 | 3-8,3-12,3-16 | ,, | 3-61(1)<br>(2)(3) | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | 8-20 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

4-10(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86564206 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98828041 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1383000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2,82,000 | ദീപ.പി.എസ്,സി.ഡി.പി.ഒ |
| 1-20 | 8,50,000 | ശ്രീ.ഹരിദാസ് എം. സെക്രട്ടറി |
| 1-21 | 2,51,000 | ശ്രീ. ഹരിദാസ് എം,സെക്രട്ടറി |
| ആകെ | 1383000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 5 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യതി 10.9.12 | 3 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യതി 10.9.12 | 8 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യതി 10.9.12 | 15 |
| 2001-02 | എൽ.എഫ്.എം4/1611/06 തീയ്യതി 21.08.13 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യതി 20.8.10/10.9.12 | 15 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യതി 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യതി 10.9.12 | 3 |

| | | |
|---|---|---|
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യതി 20.8.10 | 5 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/13 തീയ്യതി 17.1.13 | 16 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യതി 16.1.13 | 12 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/9586/10 തീയ്യതി 29.9.2010 | 19 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യതി 18.11.2014 | 1 |
| 2009-10-2013-14 | കെ.എസ്.എ.എം.പി.എം.8/2576/17 തീയ്യതി 07.03.2015 | 13 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 30.03.2017 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 തീയ്യതി 17.03.2017 | 15 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2259/18 തീയ്യതി 24-07-2020 | 6 |
| 2017 -18 | കെ.എസ്.എ. എം.പി.എം.8/392/2019 തീയ്യതി 16.08.2019 | 16 |
| 2018 -19 | കെ.എസ്.എ. എം.പി.എം.8/978 തീയ്യതി14.05.2021 | 19 |
| 2019 -20 | കെ.എസ്.എ. എം.പി.എം.8/329/2022/02.09.2022 | 11 |
| 2020-21 | കെ.എസ്.എ. എം.പി.എം.8/330/2022/02.09.2022 | 9 |
| 2021-22 | കെ.എസ്.എ. എം.പി.എം.8/212/2023/02.06.2023 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

എം.എ.7/2023

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 9(1) dated 15-06-2023 and submitted on 26-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuttippuram Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuttippuram Block Panchayat for the year 2022-2023

Date: 11/09/2023

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kuttippuram Block Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
eg-Ratios,notes on account, comparative amounts of previous year

2. Net increase/decrease in cashflow statement is Rs. -10378252/- and difference between the opening and closing balance of cash and cash equivalents is -12263835/-. But these are not compatible.

3. Deposit & Advance Registers not properly maintained and updated.
a) Deposit Register : abstract not recorded
b) Advance Register : abstract not recorded

4. Calculated Worksheet of Depreciation of Fixed Assets is not submitted for verification.

5.The balance as per schedule B-4 in the balance sheet in respect of Central Finance Commission grants (tied & untied) does not tally with the balance in the corresponding bank account (B-17).

| Item | As per B-4 schedule | As per B-17 schedule | difference |
|---|---|---|---|
| CFC(Tied+UnTied) | 4416422 | 4523955 (CANARA-CFC-PFMS) | 107533 |

6.As the asset register is not updated, it is not possible to check whether the Information relating to the asset in AFS is consistent with the asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്